# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/247/2016 | <u>പത്രക്കുറിപ്പ്</u> | 2016 നവംബർ 18

## എം.ജി ഡിഗ്രി ക്ലാസുകൾ നവംബർ 28ന് പുനരാരംഭിക്കും

എം.ജി സർവ്വകലാശാലയുടെ ഒൻപത് കേന്ദ്രങ്ങളിൽ നടന്നുവരുന്ന മൂന്നും അഞ്ചും സെമസ്റ്റർ യു.ജി (സി.ബി.സി.എസ്.എസ്) മൂല്യനിർണ്ണയ ക്യാമ്പുകൾ നവംബർ 26ന് അവസാനിക്കും. അഞ്ചാം സെമസ്റ്ററിന് മാത്രമായി നിയമന ഉത്തരവ് ലഭിച്ച അദ്ധ്യാപകർ ക്യാമ്പ് പൂർത്തിയാകുന്ന മുറയ്ക്ക് മൂന്നാം സെമസ്റ്റർ ക്യാമ്പിലും പങ്കെടുക്കണം. നിർത്തിവച്ച യു.ജി ക്ലാസുകൾ നവംബർ 28ന് പുനരാരംഭിക്കും.

## പ്രാക്ടിക്കൽ പരീക്ഷ

മൂന്നാം സെമസ്റ്റർ ബി.എ ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ/ബി.എ മൾട്ടിമീഡിയ/ബി.എ വിഷ്വൽ ആർട്സ്/ബി.എ ആനിമേഷൻ ആന്റ് വിഷ്വൽ എഫക്റ്റ്സ്/ബി.എ വിഷ്വൽ കമ്യൂണിക്കേഷൻ (റഗുലർ – 2015 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ നവംബർ 22ന് ആരംഭിക്കും. ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പരീക്ഷാ ഫലം

2016 മെയ് മാസം നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് (സി.ബി.സി.എസ്.എസ് – 2013–14 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 28 വരെ സ്വീകരിക്കും.

## എസ്.എം.ഇ: അഡ്മിഷൻ കൗൺസിലിംഗ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജിയിൽ ജനറൽ വിഭാഗത്തിൽ റാങ്ക് ലിസ്റ്റ് രണ്ടിൽ റാങ്ക് നമ്പർ 501 മുതൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സീറ്റൊഴിവുണ്ട്. താൽപര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷിതാക്കളോടൊപ്പം നവംബർ 21ന് രാവിലെ 11 മണിക്ക് ഗാന്ധിനഗറിലുള്ള ഓഫീസിൽ എത്തിച്ചേരണം. ഫോൺ 0481–6061012, 6061014.

## എം.ജിയിൽ ആംഗ്യ ഭാഷാ (സൈൻ ലാംഗ്വേജ്) പരിശീലനം

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 1 മുതൽ 3 വരെ ആംഗ്യഭാഷാ (സൈൻ ലാംഗ്വേജ്) പരിശീലനം നടത്തും. ശ്രവണ വൈകല്യങ്ങളുള്ളവരെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകർ, കൗൺസിലർമാർ, മാതാപിതാക്കൾ, പൊതുപ്രവർത്തകർ, വിദ്യാർത്ഥികൾ എന്നിവർക്ക് പങ്കെടുക്കാം. ബധിരരുമായി ആശയവിനിയമം നടത്താനും പൊതു സമൂഹത്തിൽ സൈൻ ലാംഗ്വേജ് ഇന്റർപ്രെട്ടർമാരാകാനും വ്യക്തികളെ പ്രാപ്തമാക്കുന്ന വിവിധ കോഴ്സുകളുടെ ഫൗണ്ടേഷൻ പ്രോഗ്രാം കൂടിയാണ് മൂന്ന് ദിവസങ്ങളിലായി സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ വച്ച് നടക്കുന്ന പരിശീലന കോഴ്സ്. താൽപര്യമുള്ളവർ രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ഫോൺ 9539445715.

## ഇന്റർ കോളജിയറ്റ് പ്രസംഗമത്സരം

മഹാത്മാ ഗാന്ധി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീമിന്റെയും, വിവേകാനന്ദ ചെയറിന്റെയും ആഭിമുഖ്യത്തിൽ ഇന്റർ കോളജിയറ്റ് പ്രസംഗമത്സരം നടത്തി. ഒന്നാം സമ്മാനം അഷിൻ പോൾ (സെന്റ് തോമസ് കോളജ് പാല), രണ്ടാം സമ്മാനം ഡിന്റാ ഡേവിഡ് പൈനാടത്ത് (മോണിംഗ് സ്റ്റാർ അങ്കമാലി), മൂന്നാം സമ്മാനം മരിയ കെ പോളച്ചൻ (എസ്.എച്ച് കോളജ് തേവര) എന്നിവർ നേടി. വിവേകാന്ദ ചെയർ പീഠാധിപതി ഒ. എം. മാത്യു വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)